ശിഹാബ് പൂക്കോട്ടൂർ



# ഡോ. ബിനായക് സെൻ അപ്രഖ്യാപിത അടിയന്തരാവസ്ഥയുടെ ഇര

**ജനകീയ** സമരങ്ങൾക്കെതിരെയുള്ള അപ്രഖ്യാപിത അടിയന്തരാവസ്ഥയുടെ ഇരയാണ് ഡോ. ബിനായക് സെൻ. ഇന്ത്യയിൽ അറിയപ്പെടുന്ന പൊതുപ്രവർത്തകനും ആരോഗ്യപ്രവർത്തന മേഖലയിലെ നിറസാന്നിധ്യവുമാണ് ബിനായക് സെൻ. 2007 മെയ് 14നാണ് അദ്ദേഹത്തെ അറസ്റ്റ് ചെയ്യുന്നത്. അവകാശ നിഷേധത്തിന്റെ രണ്ടു വർഷം പൂർത്തിയാവുകയാണ്. പീപ്പ്ൾസ് യൂനിയൻ ഫോർ സിവിൽ ലിബർട്ടീസ് (PUCL)ന്റെ ദേശീയ ഉപാധ്യക്ഷനും ചത്തീസ്ഗഢ് സംസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറിയുമാണ് അദ്ദേഹം. ലോകാരോഗ്യ സംഘടനയുടെ പത്താമത് ജോനാഥൻ മൻ അവാർഡ് ജേതാവ് കൂടിയാണ് ബിനായക് സെൻ. സൗത്ത് ഏഷ്യയിൽ ആദ്യമായി ആരോഗ്യപ്രവർത്തനത്തിന് ജോനാഥൻ അവാർഡ് നേടിയതും ഇദ്ദേഹമാണ്. ചത്തീസ്ഗഢ് സ്പെഷൽ സെക്യൂരിറ്റി ആക്റ്റ് (CSSA) പ്രകാരമാണ് സെന്നിനെ ഭരണകൂടം അറസ്റ്റ് ചെയ്തത്. ആദിവാസി ഗോത്ര വിഭാഗങ്ങൾക്കിടയിൽ സെന്നും ഭാര്യയും ചേർന്ന് മുക്തി ശഹീദ് ഹോസ്പിറ്റൽ നടത്തിവരികയായിരുന്നു. ശിശുരോഗ വിദഗ്ധനായ ഡോ. സെൻ മനുഷ്യാവകാശ പ്രവർത്തകനാണ്. ധർമാശുപത്രിയും സൗജന്യ ക്ലിനിക്കും നടത്തിയും ജൈവകൃഷി സംഘടിപ്പിച്ചും സേവനം നടത്തിപ്പോന്ന അദ്ദേഹം നക്സൽ വേട്ടയുടെ പേരിൽ സർക്കാർ നടത്തുന്ന മനുഷ്യാവകാശ ലംഘനങ്ങൾ പുറത്തറിയിച്ചതോടെയാണ് അധികൃതരുടെ കണ്ണിലെ കരടായത്. മനുഷ്യവേട്ട നടത്തുന്ന 'സൽവാജൂദൂം' എന്ന സംഘടനയെപ്പറ്റി സ്വതന്ത്ര അന്വേഷണം നടത്തി സത്യം പുറത്തുകൊണ്ടുവരാനും അദ്ദേഹം മുൻകൈയെടുത്തു. ഈ കുറ്റത്തിനാണ് അദ്ദേഹത്തെ നക്സലാക്കി അറസ്റ്റ് ചെയ്തത്.

ഇന്ത്യൻ അക്കാദമി ഓഫ് സോഷ്യൽ സയൻസി(ISSA)ന്റെ അവാർഡ് നൽകിക്കൊണ്ട് 'ഇന്ത്യയുടെയും ചത്തീസ്ഗഢിന്റെയും അഭിമാനം' എന്ന് അഭിനന്ദിച്ച അതേ ചത്തീസ്ഗഢ് മുഖ്യമന്ത്രി ബിനായക് സെന്നിനെ ദേശദ്രോഹിയും ഭീകരവാദിയുമാക്കി മുദ്രയടിച്ചു. ലോകം മുഴുക്കെയുള്ള പ്രതിഷേധം വകവെക്കാതെ ക്രൂരമായ നീതിനിഷേധം തുടർന്നുകൊണ്ടിരിക്കുന്നു.

2007 മെയ് 14ന് അറസ്റ്റ് ചെയ്ത ഉടനെ ആംനസ്റ്റി ഇന്റർ നാഷ്നൽ സെന്നിനെ മോചിപ്പിക്കാൻ ചത്തീസ്ഗഢ് ഗവൺമെന്റിനോട് ആവശ്യപ്പെടുകയുണ്ടായി. മെയ് 19ന് സെന്നിന്റെ വീട് പരിശോധിച്ചപ്പോൾ തെളിവുകളൊന്നും ലഭിക്കാതിരുന്നതിനെത്തുടർന്ന് പോലീസ് ഉദ്യോഗസ്ഥർ അദ്ദേഹത്തിന്റെ കമ്പ്യൂട്ടർ പിടിച്ചെടുക്കുകയും നിർണായക തെളിവുകൾ കിട്ടിയെന്ന് പ്രചരിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തെ മെയ് 22ന് റായ്പൂർ സെൻട്രൽ ജയിലിലേക്ക് മാറ്റി. സുപ്രീംകോടതി അപ്പീൽ തള്ളുകയും ചെയ്തതോടെ അദ്ദേഹത്തിന് ജയിലിൽനിന്ന് പുറത്തുവരാൻ കഴിയാതെയായി. നോംചോംസ്കി, അരുന്ധതി

റോയ് തുടങ്ങിയ പ്രമുഖ മനുഷ്യാവകാശ പ്രവർത്തകരുടെ രൂക്ഷമായ എതിർപ്പുകൾ പോലും വകവെക്കാതെ സെന്നിനെ ജയിലിലടക്കാൻ ഭരണകൂടത്തെ പ്രേരിപ്പിച്ചത് കോർപ്പറേറ്റ് ഭീമന്മാരുടെ വൻ സമ്മർദങ്ങളായിരുന്നു. ആദിവാസികളെ ഉപയോഗിച്ച് നക്സലുകൾക്കെതിരെ സേനയുണ്ടാക്കി ഇരകൾക്കിടയിൽ സംഘർഷം സൃഷ്ടിക്കുക എന്ന അധികാരികളുടെ സ്ഥിരം കലോത്സവത്തിനെതിരെ സെൻ ശക്തമായി ശബ്ദിച്ചതോടെയാണ് അദ്ദേഹത്തെ കൂട്ടിലടക്കാൻ ഭരണകൂടം തീരുമാനിച്ചത്. മാവോയിസ്റ്റുകളുമായി ബന്ധമുണ്ടെന്നും ആദിവാസികളെ മാവോയിസത്തിലേക്ക് റിക്രൂട്ട് ചെയ്യുന്ന ഏജന്റാണെന്നും പ്രചരിപ്പിച്ചുകൊണ്ടായിരുന്നു ഈ കിരാത നടപടി.

ഭരണക്കൂടത്തിന്റെ അപ്രഖ്യാപിത അടിയന്തരാവസ്ഥയുടെ ഇരയാണ് ഡോ. സെൻ. എട്ടോളം രാഷ്ട്രങ്ങളിൽനിന്ന് അവാർഡുകൾ കരസ്ഥമാക്കിയ ഈ ലോക പ്രശസ്ത മനുഷ്യാവകാശപ്രവർത്തകനെ വളരെ ലാഘവത്തോടെ വിലങ്ങുവെച്ചതിൽ മനുഷ്യാവകാശ പോരാട്ടങ്ങളോടുള്ള അധികാരിവർഗത്തിന്റെ അടങ്ങാത്ത അമർഷമാണ് പ്രകടമാവുന്നത്. ഓരോ അധികാര കേന്ദ്രത്തിനും നിശ്ശബ്ദ അടിയന്തരാവസ്ഥകളുണ്ട്. പാർട്ടി ആധിപത്യ പ്രദേശങ്ങളും അധികാര വ്യവസ്ഥിതികളും തങ്ങളുടേതല്ലാത്ത പ്രതിനിധാനങ്ങളോട് ക്രൂരമായി പെരുമാറുന്നത് അപവാദങ്ങളല്ലാതായി തീർന്നിരിക്കുന്നു. അന്ധമായ വികസന നയങ്ങളോടുള്ള മറു ശബ്ദങ്ങളെ കൊട്ടിയടക്കുക എന്നത് വ്യവസായ ഭീമൻമാരുടെ ലക്ഷ്യമായി തീർന്നതോടെ, ഇത്തരം ഭരണകൂട സഹായമുള്ള നിരവധി നാടകങ്ങൾ അരങ്ങേറിക്കൊണ്ടിരിക്കുന്നു. ഇന്ത്യയിലെ വിവിധ പ്രദേശങ്ങളിൽ വ്യവസായ ഭീകരതയുടെ അജണ്ടകൾക്ക് നിലമൊരുക്കിക്കൊടുക്കുക എന്ന കരാറുകാരുടെ ജോലിയാണ് മിക്ക ഭരണാധികാരികളും ചെയ്ത് കൊണ്ടിരിക്കുന്നത്. ഭീകരാക്രമണങ്ങളും ബോംബ് സ്ഫോടനങ്ങളും ഇത്തരം കൂട്ടുകെട്ടുകളുടെ ആത്യന്തിക ഫലമായി രൂപപ്പെടുന്നതാണ്. വരുൺഗാന്ധിയും ബിനായക് സെന്നും ഒരു ഭൂമിയും രണ്ട് നിയമവും എന്ന രാജാധിപത്യത്തിന്റെ ജനാധിപത്യ വ്യവഹാരങ്ങളുടെ വിവേചനങ്ങളാണ്; ഒരാൾക്ക് ജാമ്യവും മറ്റേയാൾക്ക് തടവറയും.

ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുക്കാനും അവതരിപ്പിക്കാനും തങ്ങളുണ്ടെന്ന പാരമ്പര്യ പാർട്ടികളുടെ ധാർഷ്ട്യവും ഇതിനു പിന്നിൽ ഒളിഞ്ഞിരിപ്പുണ്ട്. സത്യസന്ധമായ പോരാട്ടങ്ങളോട് മുഖ്യധാര രാഷ്ട്രീയ പാർട്ടികൾ കാണിക്കുന്ന അലംഭാവം ഞെട്ടിക്കുന്നതാണ്. ചെങ്ങറയും നന്ദിഗ്രാമും പ്ലാച്ചിമടയും റായ്പൂരും അടിസ്ഥാന വർഗത്തിന്റെ ശേഷിപ്പുകൾ മുഴച്ചുനിൽക്കുന്ന പ്രദേശങ്ങളാണ്. ജനാധിപത്യത്തിന്റെ ഏറ്റവും ജനകീയമായ ഒരു ഇടത്തിൽപോലും ഇത് ചർച്ചയാകാതിരിക്കാൻ ഇവർ കാണിക്കുന്ന വൈഭവം അസാമാന്യമാണ്. അവകാശ നിഷേധങ്ങൾക്കെതിരെ പോർവിളി നടത്തുന്നവരുടെ നേർക്ക് പല്ലിളിക്കുന്ന അത്യന്തം പ്രകോപനപരമായ നടപടിയാണ് സെന്നിന്റെ അറസ്റ്റും ജയിൽവാസവും. മുഴുവൻ മനുഷ്യാവകാശ പ്രവർത്തകരുടെയും കരളലിയിപ്പിക്കുന്ന ഈ നടപടി ഒരു പ്രതീകം മാത്രമാണ്. അധികാരത്തോടും മുഖ്യരാഷ്ട്രീയ പാർട്ടികളോടും രാജിയാവാൻ തയാറാകാത്ത മുഴുവൻ ആക്റ്റിവിസവും ലേബൽ ചെയ്യപ്പെടുമെന്നാണ് അന്ത്യശാസനം. കോടതികൾ ഇടപെട്ടിട്ടുപോലും ഡോ. സെന്നിന് ആവശ്യമായ ചികിത്സ നൽകാൻ സർക്കാർ സന്നദ്ധമായില്ല. അമിത രക്ത സമ്മർദം അനുഭവിക്കുന്ന അദ്ദേഹം ഹൃദ്രോഗികൂടിയാണ്. വൈദ്യസഹായത്തിനായി കോടതിയെ സമീപിച്ചു. ഡോക്ടർമാർ അടിയന്തര ചികിത്സ നിർദേശിച്ചെങ്കിലും പോലീസ് വൈദ്യസഹായം തടയുകയായിരുന്നു. വെല്ലൂർ സി.എം.സിയിൽ അയക്കണമെന്ന നിർദേശം ജയിൽ അധികൃതർ നിരസിച്ചു. വിചാരണ തടവുകാർക്ക് ചികിത്സാസ്ഥലം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്ന നിയമത്തിന്റെ ആനുകൂല്യം പോലും അദ്ദേഹത്തിന് ലഭിച്ചില്ല. ജയിൽ അധികൃതർ റായ്പൂർ ആശുപത്രിയിൽ കൊണ്ടുപോകാമെന്ന് പറഞ്ഞെങ്കിലും ചത്തീസ്ഗഢിൽ ഒരിടത്തും ജീവൻ സുരക്ഷിതമല്ലാത്തതിനാൽ ബിനായക് സെൻ അത് വേണ്ടെന്നു പറഞ്ഞു. അവകാശ നിഷേധത്തിന്റെ ഗ്വാണ്ടനാമോകൾ അടച്ചു പൂട്ടി ജനായത്ത സമരങ്ങളുടെ കൂടെ നിൽക്കാൻ ഭരണകൂടങ്ങളും മുഖ്യധാര രാഷ്ട്രീയ പാർട്ടികളും തയാറാവണം. കേരളത്തിലെ മുഴുവൻ ജില്ലാ ആസ്ഥാനങ്ങളിലും മെഡിക്കൽ കോളേജുകളിലും വിപുലമായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കാൻ എസ്.ഐ.ഒ ഉദ്ദേശിക്കുന്നു. ക്രൂരമായ ഭരണകൂട ഭീകരതയുടെ നെഞ്ചിടിപ്പിന് ഈ സമരങ്ങൾ ഒരു താങ്ങാവുമെന്ന് ഈ ആദർശ വിദ്യാർഥി പ്രസ്ഥാനം വിശ്വസിക്കുന്നു.

(എസ്.ഐ.ഒ സംസ്ഥാന സെക്രട്ടറിയാണ് ലേഖകൻ)

## ബിനായക് സെൻ: ഐക്യദാർഢ്യ സംഗമം സംഘടിപ്പിക്കും

**തൃശൂർ:** ഡോ. ബിനായക് സെന്നിനെ മോചിപ്പിക്കണമെന്നാവശ്യപ്പെട്ട് കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ഐക്യദാർഢ്യ സംഗമങ്ങൾ സംഘടിപ്പിക്കുമെന്ന് എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് പി.എം സ്വാലിഹ് പറഞ്ഞു. തൃശൂരിൽ എസ്.ഐ.ഒ മെഡിക്കൽ വിദ്യാർഥി കൺവെൻഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സാമൂഹിക ഇടപെടലുകളുടെ പേരിൽ വേട്ടയാടപ്പെടുന്ന തങ്ങളുടെ സഹപ്രവർത്തകനുവേണ്ടി ശബ്ദമുയർത്താൻ കേരളത്തിലെ ആരോഗ്യമേഖലയിലുള്ളവർ മുന്നോട്ടുവരണം. സൗജന്യ വൈദ്യപരിശോധന നടത്തിയും ജൈവ കൃഷി സംഘടിപ്പിച്ചും സമൂഹത്തിലെ പ്രാന്തവൽകൃതരായ ആദിവാസികൾക്കിടയിൽ പ്രവർത്തിച്ചതിന്റെ പേരിലാണ് ബിനായക് സെന്നിന് വൈദ്യസഹായം പോലും നിഷേധിക്കപ്പെടുന്നത്. ഇന്ത്യയിൽ രൂപപ്പെട്ടുവരുന്ന നിശബ്ദ അടിയന്തരാവസ്ഥയുടെ ഉദാഹരണമാണിത്. ലോകമെങ്ങും ആദരിക്കുന്ന ഒരു ശിശുരോഗ വിദഗ്ധന്റെ ജീവൻ പോലും അപകടത്തിലാക്കി ഭരണകൂടം നടപ്പിലാക്കുന്ന പോലീസ്രാജിനെതിരെ ജനവികാരം ഉയർന്നുവരണം. ജനകീയ ഇഛകളുടെ പൂർത്തീകരണത്തിന് ഉപയോഗപ്പെടുത്തേണ്ട ഭരണ സംവിധാനങ്ങൾ മനുഷ്യാവകാശ പ്രവർത്തകർക്കും സാമൂഹിക പ്രവർത്തകർക്കുമെതിരെ തിരിയുന്നത് അപകടകരമാണ്. മെഡിക്കൽ മേഖലയിലെ കരിയർ സങ്കൽപങ്ങൾ അട്ടിമറിച്ച് ജനകീയ ഡോക്ടറായി മാറിയ ബിനായക് സെന്നിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് മെഡിക്കൽ വിദ്യാർഥികൾ സംഘടിപ്പിക്കുന്ന സംഗമങ്ങൾ വൻ വിജയമാക്കണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.